പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3560 26.06.2012 ൽ മറുപടിയ്ക്ക്

വൈദ്യുതി ഉല്പാദന മേഖലയിൽ പുതിയ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)<br>ശ്രീ.എം.ഹംസ<br>ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ.സാജുപോൾ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പ മന്ത്രി) |
| (എ) 2006 മേയ് മാസത്തിനും 2011 മേയ് മാസത്തിനുമിടയിൽ വൈദ്യുതി ഉല്പാദന മേഖലയിൽ ഏതെല്ലാം പുതിയപദ്ധതികൾക്ക് രൂപം നൽകി; ഏതെല്ലാം പദ്ധതികൾക്ക് കേന്ദ്ര ഗവൺമെന്റിന്റെ വിവിധ വകുപ്പുകളുടെ അനുമതി ലഭിച്ചു; | (എ) 2006 മേയ് മുതൽ 2011 മേയ് വരെയുള്ള കാലയളവിൽ വൈദ്യുതി മേഖലയിൽ ബോർഡ് ഭരണാനുമതി നൽകിയിട്ടുള്ള പദ്ധതികളുടെ DIR ഉം DPR ഉം പൂർത്തീകരിച്ച കാലയളവും അനുബന്ധം (1) ആയി ചേർക്കുന്നു. |
| (ബി) ഈ കാലയളവിൽ ഏതെല്ലാം പദ്ധതികളുടെ നിർമ്മാണ ഉദ്ഘാടനം നടന്നു എന്നും ഏതെല്ലാം പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു എന്നും വ്യക്തമാക്കുമോ; | (ബി)ഈ കാലയളവിൽ നിർമ്മാണോദ്ഘാടനം നടത്തിയ പദ്ധതികളുടെ ഇൻവെസ്റ്റിഗേഷൻ (DIR) പൂർത്തീകരിച്ച സമയം, DPR അനുമതി, ടെണ്ടർ തീയതി, പണി തുടങ്ങിയ തീയതി എന്നീ വിശദാംശങ്ങളും അനുബന്ധം (2) ആയി ചേർക്കുന്നു. |
| (സി) പ്രസ്തുത കാലയളവിൽ എത്ര പദ്ധതികൾ കമ്മീഷൻ ചെയ്തിട്ടുണ്ടെന്നും ഈ പദ്ധതികളുടെ ഉല്പാദനശേഷി എത്രയാണെന്നും ഈ പദ്ധതികളിലൂടെ എത്ര മെഗാവാട്ട് വൈദ്യുതി അധികമായി ഉല്പാദിപ്പിച്ചുവെന്നും ഓരോ പദ്ധതിയുടെയും അടിസ്ഥാനത്തിൽ വിവരങ്ങൾ നല്കുമോ; | (സി) ഈ കാലയളവിൽ 4 പദ്ധതികൾ കമ്മീഷൻ ചെയ്തതു വഴി 133.55 മെഗാവാട്ട് അധികമായി ലഭിച്ചു. ഇതിന്റെ വിശദാംശം അനുബന്ധം (3) ആയി ചേർക്കുന്നു. |

(. . . 2)

(ഡി) 2011 മേയ് മാസത്തിനുശേഷം വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

(ഡി) 2011 മെയ് മാസത്തിനുശേഷം വൈദ്യുതി ഉൽപാദനം വർദ്ധിപ്പിക്കാൻ താഴെ പറയുന്ന നടപടികൾ സ്വീകരിച്ചു.

1. നിർമ്മാണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തി റാന്നി-പെരുനാട് SHEP (4 MW, 16.73 MU) 16.02.2012 ൽ കമ്മീഷൻ ചെയ്തു.
2. ചിമ്മിനി (2.5 MW, 6.7 MU)പൊരിങ്ങൽകുത്ത് 24 MW, 45.02 MU) പെരുന്തേനരുവി 6 MW, 25.76 MU)എന്നീ പദ്ധതികളുടെ നിർമ്മാണോദ്ഘാടനം നടത്തി.
3. വെള്ളത്തുവൽ (3.6 MW, 12.07 MU) പദ്ധതിയുടെ സിവിൽ ജോലികൾ ആഢ്യൻപാറ പദ്ധതിയുടെ ബാലൻസ് വർക്കുകൾ എന്നിവയുടെയുള്ള വർക്ക് ഓർഡർ നൽകി.
4. സ്ഥലമേറ്റെടുക്കാനുണ്ടായ കാലതാമസം മൂലം പണികൾ മുടങ്ങിയ തോട്ടിയാർ ജലവൈദ്യുത പദ്ധതിയുടെ സ്ഥലമെടുപ്പ് നടപടികൾ ത്വരിതപ്പെടുത്തി പണികൾ പുനരാരംഭിച്ചു.
5. പെരുന്തേനരുവി ചെറുകിട ജലവൈദ്യുത പദ്ധതിക്ക് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിൽ നിന്നുള്ള അനുമതി വാങ്ങി.
6. ആനക്കയം, പൊരിങ്ങൽകുത്ത് എന്നീ ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിൽ നിന്നുള്ള അനുമതി ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
7. നിർമ്മാണത്തിലിരിക്കുന്ന 14 ജലവൈദ്യുത പദ്ധതികളെ കൂടാതെ

ഏകദേശം 600 മെഗാവാട്ട് സ്ഥാപിതശേഷി വരുന്ന 38 ജലവൈദ്യുത പദ്ധതികൾ അടുത്ത അഞ്ചു വർഷത്തിനകം ടെണ്ടർ ചെയ്യാനുള്ള നടപടികളും എടുത്തു വരുന്നു.

8. പദ്ധതി പ്രവൃത്തികൾക്ക് ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള കാലതാമസം പരമാവധി ഒഴിവാക്കാനുള്ള നടപടികളും എടുക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി ഇടുക്കി ജില്ലയിലെ മാങ്കുളം, ചിന്നാർ, അപ്പർ കല്ലാർ എന്നീ പദ്ധതികളുടെ സ്ഥലമെടുപ്പ് നടപടികൾ ത്വരിതപ്പെടുത്തുന്നതിനു വേണ്ടി സ്ഥലത്തിന്റെ ഉചിതവില സർക്കാരിലേയ്ക്ക് ശുപാർശ ചെയ്യുന്നതിനായി ഡിസ്ട്രിക്ട് കളക്ടറും, സർവ്വേ ഡയറക്ടറും, ബോർഡ് ഉദ്യോഗസ്ഥരും ചേർന്ന ഒരു കമ്മിറ്റിയെ 01.06.2012 ലെ സർക്കാർ ഉത്തരവ് പ്രകാരം ചുമതലപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം (1)

| ക്രമ നമ്പർ | പദ്ധതി | സ്ഥാപിത ശേഷി (MW) | പ്രതീക്ഷിക്കുന്ന ഉൽപ്പാദനം (MU) | DIR | DPR |
|---|---|---|---|---|---|
| 1 | അച്ചൻകോവിൽ | 30 | 75.81 | 2001 | 11/2006 |
| 2 | പീച്ചാട് | 3 | 7.74 | 10/2006 | 11/2008 |
| 3 | പോരുലോഹെസ് സ്കീം | 16 | 64.1 | 9/2002 | 12/2008 |
| 4 | കാരാപ്പുഴ ഡാം ടോ | 0.5 | 2.054 | 10/2000 | 11/2008 |
| 5 | അപ്പർ കല്ലാർ | 2 | 5.14 | 2003 | 09/2008 |
| 6 | വക്കലാർ | 24 | 60.94 | 10/2002 | 06/2009 |
| 7 | ബാരപ്പോൾ | 21 | 51 | | 06/2005 (Revised) |
| | | 15 | 36 | 07/2009 | 11/2009 |
| 8 | പാമ്പാർ | 40 | 84.79 | 2000 | 06/2009 |
| 9 | ചിന്നാർ | 24 | 76.45 | 1999 | 03/2009 |
| 10 | പൂയംകുട്ടി പദ്ധതിയുടെ പരിഷ്കരിച്ച റിപ്പോർട്ട് | 210 | 561.38 | 2007 | 06/2009 |
| 11 | പൂവാരംതോട് , | 2.7 | 5.88 | 01/2009 | 08/2010 |
| 12 | ഒലിക്കൽ | 4.5 | 10.18 | 03/2009 | 03/2010 |
| 13 | പൊരിങ്ങൽകുത്ത് | 24 | 45.02 | 05/2009 | 03/2010 |
| 14 | ചെമ്പുക്കടവ് III | 6 | 14.92 | 05/2009 | 03/2010 |
| 15 | കക്കയം | 3 | 10.39 | 06/2008 | 11/2009 |
| 16 | കുടം | 4.5 | 10.5 | 07/2008 | 03/2010 |
| 17 | പെരുവണ്ണാമൂഴി | 6 | 24.7 | 08/2009 | 01/2011 |
| 18 | ഉമ്പൂർമൂഴി | 7 | 19.77 | 10/2009 | 01/2011 |
| 19 | ലാഡ്രും | 3.5 | 12.13 | 07/2009 | 02/2011 |
| 20 | പഴശ്ശിസാഗർ | 15 | 42.14 | 10/2008 | 01/2011 |

അനുബന്ധം (2)

| ക്രമ നമ്പർ | പദ്ധതി | സ്ഥാപിത ശേഷി (MW) | പ്രതീക്ഷിക്കുന്ന ഉൽപ്പാദനം (MU) | DIR | DPR | ടെണ്ടർ തീയതി | പദ്ധതി തുടങ്ങിയ തീയതി |
|---|---|---|---|---|---|---|---|
| 1 | പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം | 60 | 153.9 | 2001 | 11/2001 | 15.12.2004 | 09.03.2007 |
| 2 | തോട്ടിയാർ | 40 | 99 | 1999 | 07/2000 | 31.08.2007 | 16.01.2009 |
| 3 | റാന്നി — പെരുനാട് | 4 | 16.73 | 03/2004 | 11/2004 | 13.09.2005 & 30.01.2008 | Re-tender 16.01.2009 |
| 4 | ആഢ്യൻപാറ | 3.5 | 9.01 | 06/2005 | 09/2005 | 04.02.2006 & 02.07.2010 | 10.10.2007 Re-tender |
| 5 | പൂഴിത്തോട് | 4.8 | 10.97 | 06/2004 | 10/2004 | 17.12.2005 & 28.05.2008 | Re-tender 04.03.2009 |
| 6 | വിലങ്ങാട് | 7.5 | 22.63 | 06/2004 | 10/2004 | 09.06.2009 | 23.03.2010 |
| 7 | ചാത്തൻകോട്ടുനട II | 6 | 14.76 | 12/2006 | 03/2007 | 27.05.2009 | 06.03.2010 |
| 8 | ബാരപ്പോൾ | 21 | 51 |  | 06/2005 | 14.12.2005 | Re-tender |
|  |  | 21 | 51 |  |  | 04.07.2007 | Re-tender |
|  |  | 15 | 36 | 07/2009 | 11/2009 | 18.01.2010 | 29.09.2010 |
| 9 | കക്കയം | 3 | 10.39 | 10/2008 | 12/2009 | 23.07.2010 | 19.03.2011 |

മേൽപ്പറഞ്ഞ പദ്ധതികളെ കൂടാതെ താഴെപ്പറയുന്ന പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങളും ആരംഭിച്ചു.

| ക്രമ നമ്പർ | പദ്ധതി | സ്ഥാപിത ശേഷി (MW) | പ്രതീക്ഷിക്കുന്ന ഉൽപ്പാദനം (MU) | DIR | DPR | ടെണ്ടർ തീയതി | പദ്ധതി തുടങ്ങിയ തീയതി |
|---|---|---|---|---|---|---|---|
| 1 | ചെങ്കുളം ഓഗ്മെന്റേഷൻ | - | 85 | 11/91 | 12/94 | 15.11.2000, 10.08.2005 & 30.06.2008 | Re-tender Re-tender 16.07.2009 |
| 2 | പീച്ചി | 1.25 | 3.35 | 11/04 | 01/05 | 24.02.2009 | 12.11.2010 |

<u>അനുബന്ധം (3)</u>

| ക്രമ നമ്പർ | പദ്ധതി | സ്ഥാപിത ശേഷി (MW) | പ്രതീക്ഷിക്കുന്ന ഉൽപ്പാദനം (MU) | DIR | DPR | ടെണ്ടർ തീയതി | പദ്ധതി തുടങ്ങിയ തീയതി |
|---|---|---|---|---|---|---|---|
| 1 | നേര്യമംഗലം എക്സ്റ്റൻഷൻ | 25 | 58.27 | 01/2000 | 07.12.2000 | 04.07.2003 | 25.05.2008 |
| 2 | കുറ്റ്യാടി ടെയിൽ റേസ് | 3.75 | 17.1 | 06/1989 | 01.01.2000 | 19.01.2001 | 19.11.2008 |
| 3 | കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ സ്കീം | 100 | 240.5 | 06/1998 | 07.08.1998 | 10.12.2003 | 19.06.2010 |
| 4 | പൂഴിത്തോട് | 4.8 | 10.97 | 10/2004 | 17.12.2005 & 28.05.2008 | - 04.03.2009 | Re-tender 19.02.2011 |

ഇതു കൂടാതെ കുട്ടിയാർ ഡൈവേർഷൻ സ്കീം (37 മില്യൺ യൂണിറ്റ്) ന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി.

സെക്ഷൻ ഓഫീസർ